# Initiative 30

## Using digital devices to ensure continuity in Learning

***Ms. Usha Asokan***
*GHSS Mupliyam, Chalakkudy*
*Thrissur-680312, Kerala*
*ushaasokanhh@gmail.com*

### The School Context (സ്കൂൾ പശ്ചാത്തലം)

GHSS Mupliyam is located in Chalakkudy city in Thrissur district in Kerala. The school is managed by the Department of Education. It is situated in an urban area. The school is Co-educational.

GHSS മുപ്ലിയം കേരളത്തിലെ തൃശൂർ ജില്ലയിലെ ചാലക്കുടി നഗരത്തിലാണ് സ്ഥിതി ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഒരു മിക്സഡ് സ്കൂളാണ് GHSS മുപ്ലിയം.

### Challenges faced due to School Closure (സ്കൂൾ അടച്ചുപൂട്ടിയിടൽ കാലത്ത് നേരിട്ട വെല്ലുവിളികൾ)

- ക്ലാസുകൾ കാണാനുള്ള സൗകര്യം എല്ലാ വിദ്യാർത്ഥികൾക്കും ലഭിച്ചില്ല.
- ശരിയായ മൂല്യനിർണ്ണയം നടത്താൻ കഴിഞ്ഞില്ല.
- അക്കാദമികേതര പ്രവത്തർനത്തിൽ ഏപ്പെടുന്നതിനുള്ള സാഹചര്യം നഷ്ടപ്പെട്ടു.
- ഓൺലൈൻ ക്ലാസുകൾ കാണുവാൻ ചില കുട്ടികൾക്കിടയിൽ വൈമുഖ്യം പ്രകടമായി.
- സ്മാട്ട്ഫോണുകൾ കൈകാര്യം ചെയ്യുവാനും കുട്ടികളെ പഠനത്തിൽ സഹായിക്കുവാനും രക്ഷിതാക്കൾക്ക് വേണ്ടത്ര പരിചയമില്ലായിരുന്നു.
- കുട്ടികൾക്ക് ആശയവിനിമയത്തിനുള്ള അവസരങ്ങൾ നഷ്ടമായി.

### Innovative Leadership Practices for mitigating learning gaps (പഠന വിടവ് ലഘൂകരിക്കുന്നതിനായി നടപ്പിലാക്കിയ നൂതന പ്രവർത്തനങ്ങൾ)

- നിർധനരായ കുട്ടികളുടെ പഠനത്തിനായി ഓൺലൈൻ പഠനസാമഗ്രികൾ വിതരണം ചെയ്തു.
- വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ വളത്തിയെടുക്കാൻ ഓൺലൈൻ കലോത്സവം സംഘടിപ്പിച്ചു. ഇ- അരങ്ങ് എന്ന പേരിൽ നടത്തിയ പരിപാടിയിൽ ഒട്ടനവധി വിദ്യാർഥികൾ പങ്കെടുത്തു പങ്കെടുത്തു. ആദ്യമായി ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിൽ ഈ പരിപാടി സംഘടിപ്പിച്ചത് മുപ്ലിയം ഗവ. ഹൈസ്കൂൾ ആണ്.




- കുട്ടികളിലെ വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി സ്കൂൾ ലൈബ്രറി കുട്ടികളിൽ എത്തിക്കുന്നതിനായി പുസ്തകവണ്ടി തയ്യാറാക്കി ഓരോ ജംഗ്ഷനിലും ചെന്ന് കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു.
- വായനയിൽ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തി അമ്മ വായന നടപ്പിലാക്കി.
- സ്കൂൾ അങ്കണം മനോഹരം ആക്കുന്നതിന് എസ് പി സി യുടെ നേതൃത്വത്തിൽ ഓരോ കേഡറ്റുകളും ചെടിച്ചട്ടി തന്നു. ഓരോ ചെടി വീതം നട്ടു പരിപാലിച്ചു വരുന്നു

**Collaboration with community and parents to ensure student learning** (വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കാൻ സമൂഹവുമായും രക്ഷിതാക്കളുമായും സഹകരിച്ച് പ്രവർത്തിച്ച വിധം)

- എല്ലാവരുടെയും സഹായത്താൽ ഓൺലൈൻ പഠനത്തിനായി മൊബൈൽ ഫോൺ നൽകി.
- ഓൺലൈൻ വഴി സംഘടിപ്പിച്ച മത്സര ഫലങ്ങൾ വന്നപ്പോൾ, സബ്ബ് ജില്ല, ജില്ല, സംസ്ഥാന തലത്തിൽ സമ്മാനാഹരായ കുട്ടികളെ, അധ്യാപകർ, രക്ഷിതാക്കൾ, എസ്.എം.സി, OSA, സ്ക്കൂൾ വെൽഫെയർ കമ്മിറ്റി തുടങ്ങിയവരുടെ നേതൃത്വത്തിൽ വിടുകളിൽ ചെന്ന് അനുമോദിച്ചു.
- Class PTA എല്ലാ മാസത്തിലും 15 നു മുൻപ് തന്നെ നടത്തി രക്ഷിതാക്കളോടു സംസാരിയ്ക്കുന്നു.
- അടഞ്ഞുകിടക്കുന്ന വിദ്യാലയവും സ്ക്കൂൾ കോമ്പൗണ്ടും വൃത്തിയാക്കുകയും, അറ്റകുറ്റപണികൾ നടത്തുകയും ചെയ്തു. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിന് സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തി.
- കൃത്യമായ ഇടവേളകളിൽ PTA Executive Committee, OSA, SMC meeting കൂടി

https://www.youtube.com/watch?v=_KeB5AsW_cs&list=PLSiPjXQ11pfac7VJn9ya1_JxSjbU_p_zQ&index=21

വർഷത്തിൽ കോവിഡ് 19 വെല്ലുവിളിയെ നേരിടാനും വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കാനും സ്കൂളിനെ സജ്ജമാക്കിയ വിധം)

- വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ നൽകി.
- ക്ലാസ് പി.ടി.എ യിൽ രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്.
- കോവിഡ് സെൽ രൂപീകരിച്ചു.
- സിക്ക് റൂം, പ്രഥമ ശുശ്രൂഷകിറ്റ് എന്നിവ സജ്ജമാക്കി.
- 'കളിമുറ്റം ഒരുക്കാം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സ്ക്കൂളും പരിസരവും വൃത്തിയാക്കി.
- കിണർ, വാട്ടർ ടാങ്ക്, സ്ക്കൂൾ മതിൽ എന്നിവ OSA, PTA, SMC, കുടുബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, ഹെൽത്ത് ജീവനക്കാർ എന്നിവരുടെ സഹായത്താൽ എല്ലാ പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ

കഴിഞ്ഞു. സാനിറ്റൈസർ, മാസ്ക് എന്നിവ വിവിധ സംഘടനകൾ വിദ്യാലയത്തിന് നൽകി.

- കുട്ടികൾ വിദ്യാലയത്തിൽ എത്തുമ്പോൾ സാനിറ്റൈസേഷനും തെർമൽ സ്കാനിംഗിനുമായി അധ്യാപർകക്ക് ഡ്യൂട്ടി നൽകി.
- Bus stop ൽ അധ്യാപർകക്കും, രക്ഷിതാക്കൾക്കും ഡ്യൂട്ടി നൽകി.
- ഓരോ ബബിളിലേയും കുട്ടികളുടെ ക്ലാസ്സ് കഴിയുമ്പോൾ ക്ലാസ് മുറികൾ അണുവിമുക്ത മാക്കുന്നതിന് രക്ഷിതാക്കളുടെ സഹകരണം ഉറപ്പിച്ചു.
- കുട്ടികളുടെ മാനസിക വൈകാരിക പ്രശ്നങ്ങൾ രക്ഷിതാക്കൾ മനസ്സിലാക്കുന്ന തരത്തിൽ ഒരു ക്ലാസ് മക്കൾക്കൊപ്പം പരിപാടി സംഘടിപ്പിച്ചു.

**Way Forward (ഭാവി പദ്ധതികൾ)**

- തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ ഉള്ള ഈ വിദ്യാലയം 100 വർഷം കഴിഞ്ഞതാണ്.
- ഭൗതിക സാഹചര്യങ്ങൾ കുറവാണ്. കെട്ടിടങ്ങളുടെ കുറവ്, ക്ലാസ് മുറികൾ ആവശ്യത്തിന് ഇല്ല, ലാബുകൾ സജ്ജീകരിക്കുന്നതിന് വേണ്ട മുറികളുടെ കുറവ്, മറ്റ് ഫർണിച്ചറുകളുടെ കുറവ് എന്നിവ നിലനിൽക്കുന്നുണ്ട്.